# കേരള കാർഷിക സർവ്വകലാശാല

**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,**

**ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര**

**Email: cohagmet@kau.in&kauagmet@yahoo.co.in**


## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ

## എറണാകുളംജില്ല

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എ.എസ് 11/2021 (21) ചൊവ്വാഴ്ച** **തീയ്യതി 09.03.2021**

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 10.03.2021 | 11.03.2021 | 12.03.2021 | 13.03.2021 | 14.03.2021 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 1 | 1 | 1 | 1 | 0 |
| ഉയർന്ന താപനില (°C) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 26 | 26 | 26 | 26 | 26 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 82 | 82 | 82 | 82 | 82 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 58 | 58 | 58 | 58 | 58 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 18 | 16 | 14 | 12 | 12 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 230 | 230 | 270 | 250 | 250 |
| മേഘവ്യാപ്തി (ഒക്ട) | 7 | 8 | 7 | 3 | 1 |

**ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും കെ.എ.യുവിന്റെയും പ്രവചനമനുസരിച്ച് ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ വളരെ നേരിയ തോതിൽ മഴയ്ക്ക് സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.**

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| **പൊതുനിർദ്ദേശങ്ങൾ: കാർഷികോൽപ്പന്നങ്ങൾ ഉണക്കുമ്പോഴും, കീടനാശിനി പ്രയോഗം നടത്തുമ്പോഴും ശ്രദ്ധിക്കേണ്ടതാണ്.** | | |
| നെല്ല് (മുണ്ടകൻ) കൊയ്ത്തു പരുവം | തവിട്ട് മുഞ്ഞ | നെല്ലിൽ മുഞ്ഞയുടെ ആക്രമണം കാണാൻ സാധ്യതയുണ്ട്. അവയെ നിയന്ത്രിക്കാൻ തയോമെത്തോക്സാം രണ്ട് ഗ്രാം പത്ത് ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| | ചാഴി | നെല്ലിൽ കാണപ്പെടുന്ന ചാഴിയെ നിയന്ത്രിക്കാൻ പാടവും വരമ്പും കള വിമുക്തമാക്കുക. ഒരു പാടശേഖരത്ത് ഒരേ മൂപ്പുള്ള ഇനങ്ങൾ ഒരേ സമയത്ത് കൃഷി ഇറക്കി ഒരേ സമയത്ത് കീടനാശിനി പ്രയോഗം ചെയ്യാൻ ശ്രദ്ധിക്കുക. മത്തി ശർക്കര മിശ്രിതം 20 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ തളിക്കുക. അല്ലെങ്കിൽ കൈറ്റിൻ അധിഷ്ഠിത സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ തളിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ പത്ത് മില്ലി അസാഡിറാക്റ്റിൻ അല്ലെങ്കിൽ രണ്ട് മില്ലി മാലത്തയോൺ ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. (ചാഴിക്കെതിരെ കീടനാശിനികൾ പ്രയോഗിക്കുന്നത് രാവിലെ 9 മണിക്ക് മുമ്പോ, വൈകീട്ട് 3 മണിക്കു ശേഷമോ ആയിരിക്കണം അല്ലെങ്കിൽ മരുന്നുതളി പരാഗണത്തെ പ്രതികൂലമായി ബാധിക്കും). കീടനാശിനി തളിക്കുന്നത് വരമ്പുകളിൽ നിന്ന് തുടങ്ങി പാടത്തിന്റെ നടുവിലേക്ക് എത്തുന്ന രീതിയിൽ ആയിരിക്കണം |
| | ലക്ഷ്മി രോഗം | നെല്ലിൽ കാണപ്പെടുന്ന ലക്ഷ്മി രോഗം നിയന്ത്രിക്കാൻ രോഗ ബാധയേറ്റ നെൽച്ചെടികളുടെ വിളാവശിഷ്ടങ്ങൾ നശിപ്പിച്ചു കളയുക. ആക്രമണം രൂക്ഷമാണെങ്കിൽ 1.5 ഗ്രാം കോപ്പർ ഹൈഡ്രോക്സ്ഡ് (കൊസൈഡ്) ഒരു ലിറ്റർ വെള്ളത്തിൽ കലക്കി അമ്പത് ശതമാനം കതിരു വരുമ്പോൾ തളിച്ചു കൊടുക്കാവുന്നതാണ്. |
| | മണി കറുക്കൽ | നെല്ലിൽ 50 ശതമാനം കതിരിടുമ്പോൾ മണി കറുക്കൽ രോഗം കാണാൻ സാധ്യയുണ്ട്. ഇതിനെ നിയന്ത്രിക്കാനായി 2 ഗ്രാം കൊസൈഡ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| വെള്ളരി | മത്തൻവണ്ട് | കണിവെള്ളരി നടുന്ന സമയം ആണ്. മത്തൻവണ്ടിനെ നിയന്ത്രിക്കുന്നതിനായി നടുന്ന സമയത്ത് തടങ്ങളിൽ വേപ്പിൻപിണ്ണാക്ക് ഇട്ട് കൊടുക്കാവുന്നതാണ്. |
| മൃഗസംരക്ഷണം | വയറ്റിലുണ്ടാകുന്ന അധിക അമ്ലതയും, ദഹനക്കേടും ഒരു വേനൽക്കാല പ്രശ്നമായതിനാൽ അത് ഒഴിവാക്കാനായി 30 ഗ്രാം സോഡ പൊടിയും, ഒരു ടീസ്പൂൺ യീസ്റ്റ് കുതിർത്തതും, തീറ്റയിൽ ചേർത്തു ദിവസവും നൽകുക. | |